# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2405** **11/10/2011 - ൽ മറുപടിക്ക്**

## ഹയർ സെക്കണ്ടറി വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ:സി.എഫ്. തോമസ് :<br>ഡോ.എൻ.ജയരാജ്: | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ഹയർ സെക്കണ്ടറി വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ഹയർ സെക്കണ്ടറി അദ്ധ്യാപകരെ കൂടാതെ മറ്റ് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ കോളേജുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ക്കൊണ്ടാണ് നിലവിൽ ഹയർ സെക്കന്ററി പൊതുപരീക്ഷാ ചോദ്യപേപ്പറുകൾ തയ്യാറാക്കി ക്കുന്നത്. |
| (ബി) | ഹയർ സെക്കണ്ടറി തലങ്ങളിലെ വാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | എസ്.സി.ഇ.ആർ.ടി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നത്. ഇതിനുവേണ്ടി സിലബസ്, ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ, തയ്യാറാക്കേണ്ടുന്ന വിധം തുടങ്ങിയ വിവരങ്ങളടങ്ങിയ എഡ്യൂമേറ്റ് ഓരോ വിഷയത്തിനും എസ്.സി. ഇ.ആർ.ടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ വിശദമാക്കിക്കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഒരു ഓറിയന്റേഷൻ ക്ലാസ്സ് നടത്താറുണ്ട്. ഇതിൽ വച്ച് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനാവശ്യമായ പുസ്തകങ്ങളും മറ്റ് സാമഗ്രികളും അദ്ധ്യാപകർക്കു നൽകുന്നു. ഏകദേശം ഒരു മാസത്തെ സമയ പരിധിക്കുശേഷം ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകമായി സൂക്ഷ്മപരിശോധന നടത്തുന്നു. ഓരോ വിഷയത്തിലേയും |

| | | | |
|---|---|---|---|
| | | | നയ്ക്കുശേഷം തയ്യാറാക്കപ്പെട്ട ചോദ്യങ്ങളും അവയുടെ മൂല്യ നിർണയ മാർഗ്ഗങ്ങളും പ്രത്യേകം പ്രത്യേകം കവറുകളിലാക്കി സീൽ ചെയ്ത് പരീക്ഷാവിഭാഗം ജോയിന്റ് ഡയറക്ടർക്കു കൈമാറുന്നു. |
| (സി) | ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ചോദ്യപേപ്പർ തയ്യാറാക്കിയശേഷം നടക്കുന്ന സൂക്ഷ്മപരിശോധന, സീനിയർ അദ്ധ്യാപകന്റെ മേൽ നോട്ടത്തിലാണ് നടക്കുന്നത്. ഇതിൽ ചോദ്യകർത്താക്കളെല്ലാവരും പങ്കെടുക്കുന്നു. സൂക്ഷ്മ പരിശോധനയ്ക്കായി നടത്തുന്ന ഈ മീറ്റിംഗിൽ, നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് ചോദ്യപേപ്പറുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് അവർ ഉറപ്പു വരുത്തുന്നു. |

സെക്ഷൻ ഓഫീസർ.